കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഇ-മെയിൽ – dopkd.ksad@kerala.gov.in
Phone – 04912520145

# മണ്ണാർക്കാട് നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി22/593/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 12.05.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർ പേഴ്സൻ (സെക്രട്ടറി മുഖേന)

മണ്ണാർക്കാട് നഗരസഭ

സർ,

<u>വിഷയം :</u>
മണ്ണാർക്കാട് നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭാ കൗൺസിൽ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കൗൺസിൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം (ഉപരിപത്രം സഹിതം)
4. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി22/593/2020 തിയ്യതി: 12.05.2020

# പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26-1-2019 മുതൽ 20-3-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എം.ആർ.സുനിർദത്ത്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-3-2020 മുതൽ 21-3-2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.രമാദേവി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.യി.ബിജു ആന്റണി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.എസ്.എച്ച്.ഷർഫുദ്ദീൻ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.കന്തസ്വാമി.ഐ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| ചെയർപേഴ്സൺ | |
| ശ്രീമതി.എം.കെ.സുബൈദ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | |
| ശ്രീ.പ്രദീഷ് ജോയ്, സൂപ്രണ്ട് (സെക്രട്ടറി ഇൻ -ചാർജ്) | 1-4-2018 മുതൽ 8-4-2018 വരെ |
| ശ്രീ.ജൂഹി മരിയ ടോം | 9-4-2018 മുതൽ 31-03-2019 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഗിരിജ. പി | 01-04-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം., ഗവ. യു.പി സ്കൂൾ | ശ്രീ.പി.എ.ജോൺസൻ<br>പി.ഡി ടീച്ചർ(എച്ച്.എം ഇൻ-ചാർജ്ജ്) | 1-4-2018 മുതൽ 1-5-2018 വരെ |
| | ശ്രീ. വിനോദ്കുമാർ. കെ.കെ | 02-05-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ. സെയ്ദ് അബൂബക്കർ സിദ്ധിഖ് | 01-04-2018 മുതൽ 1-6-2018 വരെ |
| | ഡോ.വി.ശ്രീനിവാസൻ | 02-06-2018 മുതൽ 25-2-2019 വരെ |
| | (ഒഴിവ്) | 26-2-2019 മുതൽ 5-3-2019 വരെ |
| | ഡോ.വി.കൃഷ്ണദാസ് | 06-03-2019 മുതൽ 31-3-2019 വരെ |
| പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.അബൂബക്കർ.എം<br>(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II) | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെൽത്ത് ഓഫീസർ | ശ്രീ. അബൂബക്കർ.എം | 01-04-2018 മുതൽ 19-07-2018 വരെ |
| | ശ്രീ.വിസ്മൽ.ഇ.പി | 20-07-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | ഡോ.പമീലി.എൻ.എൻ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1.ഡോ.ജോഷ്ന.ടി.പി.എം<br>2. ഡോ.പി.എം.ദിനേശൻ | 1. 01-04-2018 മുതൽ 14-07-2018 വരെ<br>2. 15-07-2018 മുതൽ 31-03-2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി.ദീപ.ടി.ആർ | 01-04-2018 മുതൽ 13-06-2018 വരെ |
| | ശ്രീമതി.സിനി.ബി.എസ് | 14-06-2018 മുതൽ 17-06-2018 വരെ |
| | ശ്രീമതി.ബ്രിജിത്.പി.എം | 18-06-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഡെയ്സി മാത്യു | 1-4-2018 മുതൽ 31-3-2019 വരെ |

ഉള്ളടക്കം

ഭാഗം 1

ഓഡിറ്റ് റിപ്പോർട്ട്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 1-9 |
| 10 | രശീതി പരിശോധന - വിനോദനികുതി പിരിവ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടത്തുന്നില്ല | 1-10 |
| 11 | വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല - നഗരസഭയുടെ നഷ്ടം തുടരുന്നു | 1-11 |
| 12 | മൊബൈൽ ടവർ- വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 13 | വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 14 | നഗരസഭയിലെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 15 | അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി ഈടാക്കേണ്ടതാണ് | 1-15 |
| 16 | ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കൽ - അപാകതകൾ | 1-16 |
| 17 | ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-17 |
| 18 | കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് പിരിവ് -കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-18 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ - സൂക്ഷിക്കുന്നില്ല | 1-19 |
| 20 | പെൻഷൻ ഫണ്ട്-നിലവിലെ സ്ഥിതി | 1-20 |
| 21 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 22 | തെരുവ് വിളക്കുകകൾ സ്ഥാപിക്കൽ, പരിപാലനം എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-22 |
| 23 | കുടിവെള്ള വിതരണം - പൊതു ടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 1-23 |
| 24 | നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനം | 1-24 |
| 25 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 26 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-26 |
| 27 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-27 |
| 28 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അഞ്ചുവർഷം കഴിഞ്ഞിട്ടും ഭൗതികലക്ഷ്യം കൈവരിച്ചില്ല | 1-28 |
| 29 | കോടതിപ്പടി ബസ്ബേ കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-29 |
| 30 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കുവാൻ അർഹതയില്ലാത്ത സ്ഥാപനത്തിനെ ചുമതലപ്പെടുത്തി | 1-30 |
| 31 | വിവിധ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-31 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-32 |
| 33 | കാഞ്ഞിരംപാടം അങ്കണവാടി നവീകരണം - പൊളിച്ചുമാറ്റിയ മര ഉരുപ്പടികൾ സ്റ്റോക്കിലെടുത്ത് കയ്യൊഴിച്ചില്ല | 1-33 |

| | | |
|---|---|---|
| 34 | മാലിന്യസംസ്കരണത്തിന് സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ഉപയോഗശൂന്യമായി കൃഷിഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു | 1-34 |
| 35 | ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥ നായി നടപ്പാക്കുവാനായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയില്ല | 1-35 |
| 36 | പ്രോജക്റ്റ് ഓഫീസർ (ഹെൽത്ത് ഓഫീസർ) നടപ്പിലാക്കാത്ത പ്രോജക്ടുകൾ | 1-36 |
| 37 | അങ്കണവാടികളിലേക്ക് ഫർണിച്ചർ നേരിട്ട് വാങ്ങിയിരിക്കുന്നു-അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-37 |
| 38 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-നടപടിക്രമങ്ങൾ പാലിച്ചില്ല | 1-38 |
| 39 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-39 |
| 40 | പി.എം.എ.വൈ പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-40 |
| 41 | എൻ.യു.എൽ.എം (ദേശീയ നഗര ഉപജീവന മിഷൻ)- അവലോകനം | 1-41 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

22-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 26.63 കോടി രൂപയും ചെലവ് 25.56 കോടി രൂപയും നീക്കിയിരിപ്പ് കോടി 1.07 രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത |
|---|---|---|---|---|

| | തീയതി | തീയതി | തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-07-2019 | 5-8-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29379207 |
| വരവ് | 210372407 |
| ആകെ | 239751614 |
| ചെലവ് | 191096840 |
| നീക്കിയിരിപ്പ് | 48654774 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 24696000 | 24696000 | 20374714 | 4321286 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 11893000 | 11893000 | 5401028 | 6491972 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 435000 | 435000 | 195000 | 240000 |
| മെയ്റ്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 6536000 | 6536000 | 5320138 | 1215862 |
| മെയ്റ്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 3387000 | 3387000 | 3387000 | 0 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10102000 | 10102000 | 9978177 | 123823 |
| ട്രഷറി- TSB (G.P.G ഉൾപ്പെടെ) | 1504690 | 22281994 | 23786684 | 7685263 | 16101421 |
| തനത് ഫണ്ട് - കനറാ ബാങ്ക് | 88798 | 15692817 | 15781615 | 8734078 | 7047537 |
| തനത് ഫണ്ട് - എം.ആർ.എസ്. സി.ബി | 8444343 | 9995877 | 18440220 | 15842770 | 2597450 |
| NULM-വിജയാ ബാങ്ക് | 1409918 | 2928346 | 4338264 | 4017575 | 320689 |
| PMAY-വിജയാ ബാങ്ക് | 17298340 | 78803000 | 96101340 | 79551240 | 16550100 |
| TSC-ICICI ബാങ്ക് | 633118 | 5577715 | 6210833 | 447230 | 5763603 |
| AUEGS-Axis bank-Ayyankali Scheme | 0 | 7000000 | 7000000 | 6769802 | 230198 |
| ബി ഫണ്ട് | 0 | 143880 | 143880 | 143880 | 0 |

## 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 305 | 141019293 | 203 | 61864196 | - | 102 | 67 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 67% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 44% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 12 | 55278637 | 15313958 | 28 |
| കൃഷി ഫീൽഡ് ഓഫീസർ | 12 | 8 | 2783154 | 963667 | 35 |
| എച്ച്.എം., ഗവ. യു.പി സ്കൂൾ | 10 | 7 | 4953000 | 3427066 | 69 |
| സീനിയർ വെറ്ററിനറി സർജ്ജൻ | 6 | 4 | 2070000 | 673750 | 33 |
| പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 13 | 5 | 10321200 | 2658405 | 26 |
| ഹെൽത്ത് ഓഫീസർ | 7 | 0 | 4264870 | 0 | 0 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | 7 | 5 | 3576400 | 2821759 | 79 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 1 | 850000 | 800000 | 94 |
| മുനിസിപ്പൽ എഞ്ചിനീയർ | 224 | 157 | 51566032 | 30100179 | 58 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | 4 | 4 | 5356000 | 5105412 | 95 |
| ആകെ | 305 | 203 | 141019293 | 61864196 | 44 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 143880 | 96 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3413500 | 545 |
| 3 | വിധവാ പെൻഷൻ | 24222400 | 3836 |
| 4 | വാർദ്ധക്യകാല പെൻഷൻ | 36681500 | 5299 |
| 5 | വികലാംഗ പെൻഷൻ | 5150900 | 810 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1411600 | 225 |

## 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-3-2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 40864 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-10-2015 | 1-9-2015 മുതൽ 30-9-2015 വരെ | 18-11-2015 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-11-2018 മുതൽ 27-11-2018 വരെ | 2013-14 മുതൽ 2016-17 വരെ | 4-1-2019 |

## 1-9 നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

സ്ഥാനത്തിന്റെ 2018-19 വർഷത്തെ അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ ഇടപാടുകളുടെ ഓഡിറ്റിന് മുമ്പ് നടത്തുകയും ഓഡിറ്റ് സാക്ഷ്യപത്രം പ്രത്യേകം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ ചൂണ്ടികാണിച്ച പല അപാകതകളും ഓഡിറ്റ് വേളയിലും പരിഹരിക്കപ്പെട്ടിട്ടില്ല. പ്രധാന രേഖകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
3. വിവിധ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. നഗരസഭാ പരിധിയിൽ തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പൂർണ്ണമായ വിവരം കാണിക്കുന്ന ഡാറ്റ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. ലൈസൻസ് പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശം ഉൾപ്പെടുന്ന ഡാറ്റ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
5. ബജറ്റ് തയ്യാറാക്കിയിട്ടുള്ള മുനിസിപ്പാലിറ്റി നിയമം അനുസരിച്ചാണോ എന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.
6. ലേലം, വാടക എന്നിവയുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിച്ചിട്ടില്ല.
7. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിനുമുള്ള ശ്രമം ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല.
8. തൻവർഷം തനത് ഫണ്ടിൽ നിന്നും വികസന പ്രവൃത്തികൾക്കായി 2.27 കോടി രൂപ വകയിരുത്തുകയും 1.5 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുമ്പോൾ നഗരസഭയുടെ സാമ്പത്തിക സ്ഥിതി കൂടി വിലയിരുത്തേണ്ടതാണ്.

രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണെന്ന് ഉന്നതോദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

വാർഷിക കണക്ക് സമർപ്പിക്കുന്നതിനു മുമ്പായി അതാത് സെക്ഷനുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് മേലധികാരികൾ ഉറപ്പാക്കേണ്ടതാണ്.

നഗരസഭയായി മാറി 4 വർഷം കഴിഞ്ഞിട്ടും പൂർണ്ണമായ അർത്ഥത്തിലുള്ള നഗരസഭാ സംവിധാനം നിലവിൽ വന്നിട്ടില്ല. ഭരണം, റവന്യൂ, ആരോഗ്യം, എഞ്ചിനിയറിംഗ് മുതലായ വിഭാഗങ്ങളിലെ ജീവനക്കാരുടെ കുറവും ജോലിഭാരവും ഫണ്ടിന്റെ ലഭ്യതക്കുറവും ആയതിന്റെ കാരണമായി വിലയിരുത്തുന്നു. തനത് വരുമാനത്തിൽ അടുത്തിടെയുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്നതിനും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കാര്യക്ഷമമായ മാർഗ്ഗങ്ങൾ നഗരസഭ ആലോചിക്കേണ്ടതുണ്ട്. നഗരസഭയുടെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-10 രശീതി പരിശോധന - വിനോദനികുതി പിരിവ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടത്തുന്നില്ല

മണ്ണാർക്കാട് നഗരസഭാ പ്രദേശത്ത് അഞ്ച് തിയറ്ററുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. തിയറ്ററുകളുടെ പേര് താഴെ ചേർക്കുന്നു.

1. ആരാധന, 2. ശിവശക്തി, 3. സിനിമാജിക്സ് (സ്ക്രീൻ), 4. ഓക്കാസ്, 5. മിലാൻ സിനിമാസ്.

31.08.2019 ലെ സ.ഉ(കൈ)നം.112/2019/തസ്വഭവ ഉത്തരവ് പ്രകാരം സിനിമാ തിയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനം നിരക്കിലും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനം നിരക്കിലുമാണ് ഈടാക്കേണ്ടത്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 5-ാം തിയതിക്ക് മുൻപായി പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഈടാക്കിയ നികുതി, അതാത് മാസങ്ങളിലെ GST അടവാക്കിയ ടിക്കറ്റുകളുടെ എണ്ണം, ആയതിന്റെ ബന്ധപ്പെട്ട രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ വിനോദ നികുതി കണക്കാക്കിയ സ്റ്റേറ്റ്മെന്റ് എന്നിവ എല്ലാ മാസവും ഹാജരാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ 21.11.19 തിയതിയിൽ R1-12606/2019 നമ്പർ പ്രകാരം തിയേറ്റർ ഉടമകൾക്ക് കത്ത് നൽകിയിട്ടുണ്ട്. വിനോദ നികുതി അടവാക്കിയതിന്റെ രശീതി പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. തിയേറ്റർ ഉടമകൾ GST സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
2. ഓരോ തിയറ്ററിലുമുള്ള ടിക്കറ്റ് നിരക്ക് എത്രയെന്ന് മനസ്സിലാക്കുന്നതിനുള്ള രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. യഥാർത്ഥത്തിൽ വിറ്റ ടിക്കറ്റുകളുടെ കൃത്യതയും ഉറപ്പാക്കിയിട്ടില്ല. ടിക്കറ്റിന്റെ നിരക്കിന് ആനുപാതികമായിട്ടാണ് വിനോദ നികുതി കണക്കാക്കേണ്ടത്. ടിക്കറ്റിന്റെ നിരക്ക് ലഭ്യമല്ലാത്തതിനാൽ ഈടാക്കിയ നികുതിയുടെ കൃത്യതയും ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
4. ഓരോ തിയറ്ററിൽ നിന്നും ഈടാക്കുന്ന വിനോദ നികുതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. നിലവിൽ അഞ്ച് തിയേറ്ററുകളിൽ നിന്നും ഫസ്റ്റ് ക്ലാസ് ടിക്കറ്റിന് 3.55 രൂപയും ബാൽക്കണി ടിക്കറ്റിന് 3.98 രൂപയുമാണ് തിയേറ്ററുകൾ അടവാക്കിയിട്ടുള്ളത്. GST സ്റ്റേറ്റ്മെന്റ്, ടിക്കറ്റ് നിരക്ക് എന്നിവ ലഭ്യമല്ലാത്തതിനാൽ നികുതി ഒടുക്കിന്റെ കൃത്യതപരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് എൻക്വയറിക്ക് (23/18.03.2020) മറുപടി ലഭ്യമായിട്ടില്ല. ചെയർപേഴ്സൻ, വൈസ് ചെയർപേഴ്സൻ എന്നിവർ ഉൾപ്പെടെയുള്ള അധികാരികളുമായി ഈ വിഷയം ചർച്ച ചെയ്തപ്പോൾ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. ടിക്കറ്റുകളുടെ എണ്ണം GST സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനമാക്കി കണക്കാക്കി എല്ലാ മാസവും 5 തിയതിക്ക് മുൻപായി വിനോദ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
2. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ തന്നെയാണ് വിനോദ നികുതിയായി ഈടാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
3. തിയറ്ററുകളിലെ ടിക്കറ്റ് നിരക്ക്, ഓരോ ക്ലാസ്സിലുമുള്ള സീറ്റുകളുടെ എണ്ണം എന്നീ രേഖകൾ ലഭ്യമാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.
4. ഓരോ തിയറ്ററിൽ നിന്നും ഈടാക്കുന്ന വിനോദ നികുതി രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല - നഗരസഭയുടെ നഷ്ടം തുടരുന്നു

1.11.2015 ലാണ് മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് നഗരസഭയായത്. സ.ഉ(സാധാ)നം.474/2019/തസ്വഭവ തിയതി 01.03.2019 പ്രകാരം നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യതിയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 01.04.2016 മുതൽ നഗരസഭാ നിരക്കിൽ നികുതി പരിഷ്കരിച്ച് ഈടാക്കേണ്ടതുമാണ്. എന്നാൽ നഗരസഭയുടെ വസ്തുനികുതി പരിഷ്കരണ നടപടികൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ നിലവിലെ സ്ഥിതി താഴെ ചേർക്കുന്നു.

ആകെ 29 വാർഡുകളുള്ളതിൽ 13 വാർഡുകളുടെ നമ്പറിംഗ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. നമ്പറിംഗ് പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനായി കൗൺസിൽ തീരുമാനപ്രകാരം കുടുംബശ്രീ അംഗങ്ങളെ വിനിയോഗിച്ച് നികുതി പരിഷ്കരണ നടപടികൾ പൂർത്തികരിക്കുന്നതിനുള്ള അനുമതിക്കായി നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ആളുകളെ നിയമാനുസരണം നിയമിച്ചുകൊണ്ട് നികുതി പരിഷ്കരണം പൂർത്തികരിക്കുന്നതാണ് എന്നും അധികൃതർ അറിയിച്ചു.

നിലവിൽ പുതിയ കെട്ടിടങ്ങൾക്ക് നമ്പറിംഗിന് വരുമ്പോൾ അവയിൽ നിന്ന് മാത്രമാണ് പുതിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നത്. നികുതി

പരിഷ്കരണം വൈകുന്നതുമൂലം നഗരസഭയ്ക്ക് വൻ നികുതി നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.
വസ്തുനികുതി ഇനത്തിലുള്ള നികുതി ചോർച്ച തടയുന്നതിനായി വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവർ- വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച ഫയൽ, സഞ്ചയയിലെ ഫോറം 6 എന്നിവ പരിശോധിച്ചതിൽ പ്രവർത്തനക്ഷമമായ 11 മൊബൈൽ ടവറുകൾ നഗരസഭാ പരിധിയിൽ ഉള്ളതായും ആയതിൽ 11 എണ്ണവും വസ്തു നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളതായും കണ്ടെത്തി. ഇവയിൽ എയർടെൽ, ഐഡിയ, വൊഡഫോൺ, എസ്.ആർ ടവർ തുടങ്ങിയ എട്ടു ടവറുകളുടെ വസ്തു നികുതി അവ ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയ 2012 വർഷം മുതൽ നാളിതുവരെയും യാതൊരു തുകയും അടവാക്കിയിട്ടില്ലാത്തതാണ്. കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും നാളിതുവരെ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. കുടിശ്ശികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മൊബൈൽ ടവറിന്റെ പേര് | നിർണ്ണയിച്ച വസ്തുനികുതി | ആകെ കുടിശ്ശിക | കുടിശ്ശിക ഏത് വർഷം മുതൽ |
|---|---|---|---|---|---|
| 1 | 14/593 | Bharathy Airtel | 14175 | 111026 | 2012 |
| 2 | 13/1274 | Idea | 15750 | 114219 | 2012 |
| 3 | 16/323 | Airtel | 9188 | 64316 | 2012 |
| 4 | 13/1273 | Vodafone | 15750 | 116550 | 2012 |
| 5 | 8/1162 | SR Tower | 8663 | 66198 | 2012 |
| 6 | 3/726 | SR Tower | 8663 | 65404 | 2012 |
| 7 | 13/1272 | VK Sudevan | 8820 | 61740 | 2012 |
| 8 | 4/925 | Indus Tower | 14490 | 28980 | 2018 |
| 9 | 14/754 | Indus Tower | 8505 | 17010 | 2018 |
| 10 | 7/481 | Indus Tower | 8505 | 16929 | 2018 |
| 11 | 8/722 | Hamsa | 9450 | 66468 | 2012 |
| | | | | ആകെ: 728840 | |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ടതായ തുകകൾ അത് ഈടാക്കേണ്ട കാലാവധി കഴിഞ്ഞ് 4 വർഷത്തിനുശേഷം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാവുന്നതല്ല. സെക്ഷൻ 539(2) പ്രകാരം യഥാസമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1)-ാം ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടുന്ന പക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന പക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു.
<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>
ഈ വിഷയത്തിൽ ഉദ്യോഗസ്ഥർക്ക് കൂടി വ്യക്തിപരമായ ബാധ്യത ഉണ്ടാകുവാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ ചട്ടങ്ങൾ അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (23/18.03.2020) മറുപടി ലഭ്യമായിട്ടില്ല.
കുടിശ്ശിക പലിശസഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ വരവ് 1,27,16,231 രൂപയാണ്. 2018-19 സാമ്പത്തിക വർഷാവസാനത്തിൽ ആകെ 1,40,17,486/- രൂപ (തൻവർഷം- 3590037/- + കുടിശ്ശിക- 1,04,27,449/-) പിരിച്ചെടുക്കാൻ ബാക്കിയായി നിലനിൽക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തുന്നു. നഗരസഭയുടെ തനത് വരുമാനം കുറവായ സാഹചര്യത്തിൽ ഇത്രയും തുക വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്നത് അടിയന്തര പ്രാധാന്യത്തോടെ വീക്ഷിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതോടൊപ്പം നികുതി കുടിശ്ശിക കൂടി പിരിച്ചെടുത്താൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി കുറേക്കൂടി മെച്ചപ്പെടുമെന്ന് വിലയിരുത്തുന്നു.
കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (23/ 18.03.2020) മറുപടി ലഭ്യമായില്ല.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 നഗരസഭയിലെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തിന്റെ വെളിയിൽ ബിസിനസ് നടത്തുകയും എന്നാൽ അതിന്റെ

മുഖ്യ ഓഫീസോ അതിന്റെ ബിസിനസ് എവിടെ നിന്നും നിയന്ത്രിക്കപ്പെടുന്നുവോ ആ സ്ഥലമോ ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നതായ ഏതൊരു കമ്പനിയും തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. അത്തരത്തിൽ നിയമ വ്യവസ്ഥ പാലിച്ചുകൊണ്ടും 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങൾ പ്രകാരവും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>1. സ്ഥാപനങ്ങളുടെ വിവരം</u>

മണ്ണാർക്കാട് നഗരസഭയിലെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം 1407 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ 213 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൻവർഷം തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളേയും വ്യക്തികളേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

<u>2. ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരമുള്ള ജീവനക്കാരുടെ തൊഴിൽ നികുതിക്കായി സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ ചട്ടം പ്രകാരമുള്ള നിശ്ചിത മാതൃകയിൽ അല്ല സൂക്ഷിക്കുന്നത്. സ്ഥാപനത്തിന്റെ പേരും രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയ തുക എന്നിവ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ആയതിനാൽ എല്ലാ ജീവനക്കാരുടേയും നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പല സ്ഥാപനങ്ങളുടേയും പേര് മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

2005ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പ്രൊഫഷണലുകളുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനായി നാല് വാല്യങ്ങളായി രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലെ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും കമ്പനികളേയും ബിസിനസ് നടത്തുന്നവരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതും പരമാവധി 1250 രൂപ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ എല്ലാ സ്ഥാപനങ്ങളേയും വ്യക്തികളേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വന്നിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. പരിശോധനയുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികയായി ചേർക്കുന്നു.

<u>3. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 വർഷത്തിൽ തൊഴിൽ നികുതി രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയോ കുടിശ്ശികയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | രജിസ്റ്ററിലെ ക്രമ നമ്പർ | ഈടാക്കിയ തുക | |
|---|---|---|---|---|
| | | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | Muthoot Finance | 4 | ഈടാക്കി യിട്ടില്ല. | 1800 |
| 2 | Palakkad Pravasi co-operative society | 5 | ഈടാക്കി യിട്ടില്ല | |
| 3 | Spandana sphoorty financial ltd | 8 | 5110 | |
| 4 | Popular Finance | 15 | ഈടാക്കി യിട്ടില്ല | |
| 5 | ESAF swasraya Multistate co-operative society | 18 | 10950 | |
| 6 | ESAF Microfinance | 20 | 1000 | |
| 7 | UAE Exchange | 23 | 2430 | |
| 8 | ICICI Prudential Ltd. | 44 | 9000 | |
| 9 | Canara Bank | 46 | 17750 | |
| 10 | Nyaka Alma Dental clinic | 52 | 2250 | |
| 11 | Janamitra Ayurveda Hospital | 55 | ഈടാക്കി യിട്ടില്ല | ഈടാക്കിയിട്ടില്ല |
| 12 | Malabar Dental Hospital | 58 | 1250 | |
| 13 | Mannarkkad Dental Hospital | 59 | ഈടാക്കി യിട്ടില്ല | |
| 14 | Venus Dental Care | 61 | ഈടാക്കി യിട്ടില്ല | |
| 15 | Kalathil Dental Clinic | 62 | ഈടാക്കി യിട്ടില്ല | |
| 16 | ICTC Councilar | 63 | 750 | |
| 17 | Taluk Aasthana Hospital | 65 | 11750 | |
| 18 | Seedac College of Arts & Science | 74 | ഈടാക്കി യിട്ടില്ല | |
| 19 | Victory College, Nellippuzha | 76 | 5250 | |
| 20 | GMUP School | 80 | | 26250 |
| 21 | MALP School, Mundekkarad | 86 | | ഈടാക്കി യിട്ടില്ല |
| 22 | Unity Eglish medium school | 89 | | 2940 |
| 23 | KTMH School | 90 | | 53500 |
| 24 | Pinacle Motor Works | 91 | | |
| 25 | Honda Bike showroom | 92 | ഈടാക്കി യിട്ടില്ല | ഈടാക്കി യിട്ടില്ല |
| 26 | Archana Motors | 93 | | |
| 27 | Honda bike service centre | 97 | | |
| 28 | Ghani motor, mannarkkad | 98 | | |
| 29 | Bajaj finance | 100 | | 5180 |
| 30 | Ahalia Financila services | 103 | | ഈടാക്കി യിട്ടില്ല |
| 31 | Anugraha Naturelife centre | 107 | | 1500 |
| 32 | Block programme Office MGNREGS | 115 | | |
| 33 | Kalyan jewellers ministore | 118 | 2000 | ഈടാക്കി യിട്ടില്ല |
| 34 | Navayat Dentalcare | 122 | ഈടാക്കി യിട്ടില്ല | |
| 35 | Mullas Wedding | 123 | 5202 | |
| 36 | State Tax Officer, SGST Dept | 124 | 1250 | |
| 37 | Commercial Tax office | 133 | ഈടാക്കി യിട്ടില്ല | 23250 |
| 38 | Station house officer Mannarkkad police station | 134 | | 61250 |
| 39 | Assistant Education Officer | 142 | ഈടാക്കി യിട്ടില്ല | ഈടാക്കി യിട്ടില്ല |
| 40 | Ideal private ITI | 167 | | |
| 41 | Cresent tution centre | 168 | | |
| 42 | BSS Ayurvedic Nursing Tutorial | 169 | | |
| 43 | Anupama Academy | 170 | | |
| 44 | Victoria college | 171 | | |
| 45 | Master College | 172 | | |
| 46 | CADE, Amana Plaza | 173 | | |
| 47 | Genius College | 174 | | |
| 48 | Dazzle Institution | 175 | | |
| 49 | ITF, Lavanyam institute | 176 | | |
| 50 | ICS IT Education | 178 | | |
| 51 | Baheej Coaching Centre | 179 | | |
| 52 | Global Acdemy | 180 | | |

| | | | | |
|---|---|---|---|---|
| 53 | Bluebee Academy | 181 | | |
| 54 | Mark Career Academy | 182 | | 360 |
| 55 | BRDE Resonance | 183 | | |
| 56 | NIC College | 184 | | |
| 57 | AMALA BSS Institute | 185 | ഈടാക്കി യിട്ടില്ല | |
| 58 | S & B Institute of Fashion Designing | 186 | | |
| 59 | Experts Science Study centre | 187 | | |
| 60 | Direct Global Co-operates | 188 | | |
| 61 | SKILL Kerala | 189 | | ഈടാക്കി യിട്ടില്ല |
| 62 | PDS Depo NFSA | 194 | 1275 | |
| 63 | Supplyco Supermarket | 195 | 1275 | |
| 64 | Bajaj Finance | 196 | 1275 | |
| 65 | Excise Circle Office | 199 | 1250 | |
| 66 | Mannarkkad sahakarana Urban Credit Society | 200 | 749 | |
| 67 | Mannarkkad Traffic Enforcement Unit | 201 | | 31250 |
| 68 | Unimoney Financial Services LTD | 202 | | 2700 |
| 69 | LSGD Subdivision mannarkkad Block Panchayat | 203 | | 8750 |
| 70 | Vertex Securities | 204 | | 600 |
| 71 | Karunya Community Pharmacy | 205 | | 2250 |
| 72 | Myg Digital world | 206 | ഈടാക്കി യിട്ടില്ല | 2850 |
| 73 | Dr.Athiras Dental clinic | 207 | | 360 |
| 74 | SML Finance LTD | 208 | | 4350 |
| 75 | Aradhana Talkies | 209 | | 1800 |
| 76 | Mary Rani Popularnidhi Ltd | 210 | | 900 |
| 77 | New Alma Ayurvedic clinic | 211 | | 3400 |
| 78 | Oppo Electronics | 212 | | 1500 |
| 79 | Najath Arts & Science College | 213 | | 30550 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (05/16.03.2020) മറുപടി ലഭ്യമായില്ല. രേഖകൾ പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഈടാക്കിയിട്ടില്ലെങ്കിൽ ഈടാക്കിയതിന്റെ വിവരവും ഓഡിറ്റിന് രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

രജിസ്റ്റർ പ്രകാരം ഏതാനും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | പരമാവധി നികുതി |
|---|---|---|
| 1 | കേശവൻകുട്ടി | 2500 |
| 2 | പ്രേമരാജ് | 2500 |
| 3 | ഹാരിസ്.പി | 2500 |
| 4 | വി.കെ.കുഞ്ഞാലൻ | 2500 |
| 5 | പി.ജോസ് | 2500 |
| 6 | കെ.സോമൻ | 2500 |
| 7 | എ,ഹംസ | 2500 |
| 8 | ഷംസുദ്ദീൻ | 2500 |
| 9 | അബ്ദുള്ള.ടി | 2500 |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5. പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
തൊഴിൽ നികുതി ഈടാക്കാത്ത പൊതുവിതരണകേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പൊതുവിതരണകേന്ദ്രം |
|---|---|
| 1 | ഷൗക്കത്തലി. ARD 29 |
| 2 | മുഹമ്മദാലി ARD 30 |
| 3 | രാധാമാധവൻ ARD 31 |
| 4 | പാർത്ഥിപൻ ARD 32 |
| 5 | സജിത കാസിം ARD 34 |
| 6 | അശോക് ARD 56 |
| 7 | പഴനിസ്വാമി ARD 99 |
| 8 | രഘുനാഥൻ ARD 108 |
| 9 | ഷാജഹാൻ ARD 84 |

| 10 | അബ്ദുൾ ഹമീദ് ARD 88 |
|---|---|

6. തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടും ഈടാക്കാത്ത ധനകാര്യസ്ഥാപനങ്ങളുടെ വിവരം

| ക്രമ നം.. | സ്ഥാപനം | തുക | അർദ്ധവർഷം |
|---|---|---|---|
| 1. | Spandana Spoorthy financial ltd | 1250 | 2nd |
| 2 | ESAF swasraya multistate cooperative society | 2500 | 1st & 2nd |
| 3 | Kerala grameen Bank | 1250 | 1st |
| 4 | Ahalia Money exchange | 1250 | 1st |
| 5 | Muthoot microfin | 2500 | 1st & 2nd |
| 6 | ICICI Bank | 2500 | 1st & 2nd |
| 7 | New india assurance | 2500 | 1st & 2nd |
| 8 | UCO Bank | 2500 | 1st & 2nd |
| 9 | CANARA Bank | 1250 | 2nd |
| 10 | BRD Securities ltd | 1250 | 2nd |
| 11 | Mannarkkad gold pvt ltd | 2500 | 1st & 2nd |
| 12 | Mannarkkad taluk Building & road workers co-operative society | 2500 | 1st & 2nd |
| 13 | Mannarkkad taluk aided school employees co-operative society | 2500 | 1st & 2nd |
| 14 | Popular finance | 2500 | 1st & 2nd |
| 15 | Sreeram transport finance company | 2500 | 1st & 2nd |

7. അഭിഭാഷകർ, ഡോക്ടർമാർ മുതലായവരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം നഗരസഭാ പരിധിയിൽ പ്രവൃത്തി ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ അഭിഭാഷകരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ സിവിൽ, മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അഭിഭാഷകരുടെ പട്ടിക തയ്യാറാക്കി സൂക്ഷിക്കുകയോ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്യുന്നില്ല. ധാരാളം ആശുപത്രികളും നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ചട്ടപ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ അഭിഭാഷകർ, ഡോക്ടർമാർ മുതലായ എല്ലാ പ്രൊഫഷണലുകളിൽനിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഡിമാന്റ് രജിസ്റ്റർ ചട്ടം പ്രകാരമുള്ള നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഡിമാന്റ്, വരവ് വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
4. നഗരസഭാ പ്രദേശത്തെ എല്ലാ സ്ഥാപനങ്ങളുടേയും വിവരം കാണിക്കുന്ന ഡാറ്റ തയ്യാറാക്കി അതിനനുസരിച്ച് നികുതി ഡിമാന്റ് ചെയ്യുവാനും കാലാകാലങ്ങളിൽ വരുന്ന മാറ്റം നിരീക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
5. കൂടുതൽ അന്വേഷണം നടത്തി കൃത്യമായ നഷ്ടം തിട്ടപ്പെടുത്തേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് എൻക്വയറിക്ക് (05/16.03.2020) മറുപടി ലഭ്യമായിട്ടില്ല. തുടർനടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, നിയമം 242 പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ കെട്ടിടം പണി പൂർത്തിയാക്കുകയോ ആ കെട്ടിടം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസ്യതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി തുകയും ചേർന്ന തുക നിയമാനുസ്യതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികതിയായി നല്കുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലാകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "U.A" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. എന്നാൽ നഗരസഭ പല അനധികൃത കെട്ടിടങ്ങൾക്കും ഇത്തരത്തിൽ യു.എ നമ്പർ നൽകി ഫീസ് ഈടാക്കുന്നില്ല. അനധികൃത കെട്ടിടങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പ്രകാരം താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾ നിലവിലുണ്ട്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | കെട്ടിട നിർമ്മാണം നടത്തിയ വർഷം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | Kadheeja c.k | commercial | 2016 | 200.92 m2 |
| 2 | Abdul nazar | commercial | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമല്ല |
| 3 | Asmina K.T | Residential | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| 4 | Usha.E | Residential | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| 5 | Abdul Haji | Commercial | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| 6 | Shoukkathali | Commercial | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| 7 | Shyamkumar | Commercial | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |

മേൽ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

എ. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫാറം 10 രജിസ്റ്ററിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി രജിസ്റ്ററിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ നിലവിൽ ചട്ടപ്രകാരമുള്ള ഫോർമാറ്റിലല്ല രജിസ്റ്റർ സൂക്ഷിക്കുന്നത്. തദ്ദേശസ്വയംഭരണ(ആർ.എ) വകുപ്പ് നം. 29342/ ആർ എ1/2014 തി. 19.5.14 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ചതിന് ശേഷം കെട്ടിടം നിയമാനസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണെന്നുള്ള നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (06/16.03.2020) ലഭ്യമാക്കിയ മറുപടിയിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നിന്നും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ റവന്യൂ വിഭാഗത്തിലേക്ക് നാളിതുവരെ ലഭ്യമാക്കാത്തതിനാലാണ് തുടർനടപടികൾ സ്വീകരിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ചട്ടപ്രകാരമുള്ള ഫോർമാറ്റിൽ സൂക്ഷിക്കേണ്ടതാണ്.

2. അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച് മൂന്നിരട്ടി നികുതി ഈടാക്കേണ്ടതാണ്.
3. അനധികൃത നിർമ്മിതികൾക്കെതിരെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കൂടുതൽ അന്വേഷണം നടത്തി കൃത്യമായ നഷ്ടം തിട്ടപ്പെടുത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കൽ - അപാകതകൾ

1. ലൈസൻസ് ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

2011ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യാപാരം/തൊഴിൽ/കച്ചവടം ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ വിഭാഗങ്ങളാക്കി തരം തിരിച്ച് 6-ാം ചട്ട പ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും ഒന്നും രണ്ടും പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, ഈടാക്കിയ ലൈസൻസ് ഫീസ് എന്നിവ പരിശോധിച്ചതിൽ ചട്ടപ്രകാരം ഈടാക്കേണ്ടതിലും കുറഞ്ഞ നിരക്കിലാണ് ഫീസ് ഈടാക്കിയിരിക്കുന്നത് എന്ന് കണ്ടെത്തി. കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ പേര്, വാർഡ്/ കെട്ടിട നമ്പർ, രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ തരം | ഈടാക്കിയ ലൈസൻസ് ഫീസ് | ചട്ട പ്രകാരം ഈടാക്കേണ്ട മിനിമം ഫീസ് |
|---|---|---|---|---|
| 1 | Vijaya lakshmi.P, 8/1, 1 | Auditorium | 1000 | 4000 |
| 2 | Muhammad Ashique<br>8/1216, 78 | Hotel | 200 | 500 |
| 3 | Sajan Thomas, 10/497, 27 | Jewellery | 200 | 1000 |
| 4 | Usman,10/829,79 | Hotel | 100 | 500 |
| 5 | Muhammad najeeb, 13/980, 84 | Jewellery | 300 | 500 |
| 6 | Abbas, 13/1041, 93 | Hotel | 200 | 500 |
| 7 | Muraleedharan.p, 10/389, 13 | Jewellery | 500 | 1000 |
| 8 | Balakrishnan. 10/505, 35 | Jewellery | 500 | 1000 |

| | | | | |
|---|---|---|---|---|
| 9 | Sathyan, 10/525, 43 | Jewellery | 300 | 1000 |
| 10 | Abdul Rasheed | Fancy shop | 100 | 400 |
| 11 | Muhammad shafil | Conference Hall | 200 | 4000 |
| 12 | Shamsudheen, 13/600, 26 | Catering | 200 | 500 |
| 13 | Jaffar, 13/704, 46 | Fancy shop | 200 | 400 |
| 14 | Chandran, 13/877, 98 | Jewellery | 500 | 1000 |
| 15 | Abhilash, 13/980, 107 | Jewellery | 300 | 1000 |
| 16 | Raffel, 8/814, 63 | Jewellery | 500 | 1000 |
| 17 | Jose, 11/389, 16 | Jewellery | 200 | 1000 |
| 18 | Venkataraman, 11/568, 26 | Jewellery | 300 | 1000 |
| 19 | Chinmayanandan, 11/778, 51 | Hotel | 200 | 500 |
| 20 | Kuppurajan, 11/377, 11 | Jewellery | 300 | 1000 |
| 21 | Moideenkutty, 2/548, 47 | Jewellery | 300 | 1000 |
| 22 | Kanchana jewellery, 6/824, 92 | Jewellery | 100 | 1000 |
| 23 | RJ jewellery, 6/920, 118 | Jewellery | 200 | 1000 |

2. കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടില്ല

വ്യാപാരങ്ങളെ എ, ബി, സി എന്നീ വിഭാഗങ്ങളാക്കി തരം തിരിച്ച് ഈടാക്കേണ്ട കുറഞ്ഞ ലൈസൻസ് ഫീസ് കൗൺസിൽ നിർണ്ണയിച്ചതായി കാണുന്നില്ല. ഓരോ വിഭാഗത്തിലും ഈടാക്കേണ്ട കുറഞ്ഞ തുക നിശ്ചയിച്ച് ബൈലോ രൂപീകരിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

3. യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല, രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2011ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫോറം നാലിൽ നൽകേണ്ടതും ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ ഈ ആവശ്യത്തിനായി സൂക്ഷിച്ചുപോരുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ചട്ടം 14 പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് മൂന്നാം പട്ടിക പ്രകാരം ഈടാക്കേണ്ടതുമാണ്. എന്നാൽ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല. ഫീസ് ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ, സ്ഥാപനം വാർഡ്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചട്ടപ്രകാരം ഈടാക്കേണ്ട മിനിമം ഫീസ് |
|---|---|---|---|---|
| 1 | 21 | Aysha, SAW MILL, 1/476 | 35 HP | 900 |
| 2 | 9 | Vasanthi, AVIL MILL 4/183 | 3 HP | 100 |
| 3 | 1 | Sivaraman, oil and flour mill, 11/148 | 20 HP | 750 |
| 4 | 3 | Vargheese, welding work shop, 11/180 | 10 HP | 350 |
| 5 | 45 | Rajendran, MILL, 11/729 | 15 HP | 350 |
| 6 | 49 | Indira,MILL, 11/713 | 20 HP | 750 |
| 7 | 6 | Saleena, oil mill, 11/1219 | 3 HP | 100 |
| 8 | 67 | Krishnamoorthy, OIL MILL, 6/696 | 40 HP | 1250 |

യന്ത്രങ്ങൾ സ്ഥാപിച്ചുള്ള എല്ലാ സ്ഥാപനങ്ങളുടേയും ഉടമകൾ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ലൈസൻസ് എടുക്കുവാൻ വൈകുന്നവരിൽ നിന്നും പിഴ സഹിതം തുക ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (23/18.03.2020) മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. വ്യപാര സ്ഥാപനങ്ങളെ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, സ്വഭാവം, തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി എ, ബി, സി എന്നീ വിഭാഗങ്ങളാക്കി തരം തിരിക്കേണ്ടതും ചട്ട പ്രകാരം അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്.

2. ചട്ട പ്രകാരമുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

3. യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

4. യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് മൂന്നാം പട്ടിക പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

5. നഗരസഭാപ്രദേശത്തുള്ള എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
6. കൂടുതൽ അന്വേഷണം നടത്തി കൃത്യമായ നഷ്ടം തിട്ടപ്പെടുത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

മണ്ണാർക്കാട് നഗരസഭയുടെ ഉടമസ്ഥതയിൽ മൂന്ന് കോംപ്ലക്സുകളിലായി 65 കടമുറികൾ നിലവിലുണ്ട്. വാടക രജിസ്റ്റർ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. കട മുറികളുടെ വാടക കുടിശിക ഈടാക്കിയിട്ടില്ല

താഴെ പറയുന്ന വാടകക്കാരിൽ നിന്നും 2,54,678 രൂപ ( Current 187598 + Arrear 67080) കുടിശ്ശികയായി പിരിച്ചെടുക്കുവാനുണ്ട്. തൻവർഷം വാടക കുടിശികയുള്ള വാടകക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടിശ്ശികക്കാരന്റെ പേര് | കടമുറി നം. | കുടിശ്ശിക തുക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | C.K.Hamsa | 7 | 4964 |
| 2 | O.K.Aboobacker | 8 | 3690 |
| 3 | K.Balakrishnan nair | 9 | 10120 |
| 4 | Yousuf | 10 | 11692 |
| 5 | Khadeeja | 11 | 4710 |
| 6 | Appugupthan | 12 | 4710 |
| 7 | Shajahan | 13 | 4832 |
| 8 | Ramakrishnan.TR | 17 | 3021 |
| 9 | Abdul samad | 18 | 5202 |
| 10 | TV Jose | 19 | 4710 |
| 11 | MD Siddique | 20 | 3478 |
| 12 | John mathai | 22 | 13888 |
| 13 | K Sakkariya | 23 | 4832 |
| 14 | Shajahan | 32 | 19674 |
| 15 | Mujib rahman | 33 | 13740 |
| 16 | Hamsa | 35 | 3831 |
| 17 | Manjula | 36 | 724 |
| 18 | Abdul jaleel | 38 | 9960 |
| 19 | KA Sakariya | 39 | 3021 |
| 20 | Marykutty | 40 | 2134 |
| 21 | Suma | 41 | 2178 |
| 22 | Mohandas | 42 | 1992 |
| 23 | Mallika | 43 | 2290 |
| 24 | Muhammad mustafa | 44 | 1089 |
| 25 | KG Shaji | 45 | 997 |
| 26 | Abdulsamad | 46 | 2194 |
| 27 | Abdul rahman | 47 | 5684 |
| 28 | Sahira | 48 | 7336 |
| 29 | Jayaprakash | 51 | 4442 |
| 30 | Hariharan | 52 | 1741 |
| 31 | Narayankutty | 54 | 3482 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 32 | Rasheeda T T | 55 | 13618 |
| 33 | Ramla | 58 | 34284 |
| 34 | Muhammad | 64 | 3006 |

കുടിശ്ശിക തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2. കടമുറികളുടെ നിലവിലെ സ്ഥിതി

നിലവിൽ 6 കടമുറികളിൽ നിന്നു മാത്രമാണ് നഗരസഭക്ക് വാടക ലഭ്യമാകുന്നത്. 59 വാടകക്കാർ നിലവിൽ വാടക ഒടുക്കുന്നില്ല. നഗരസഭാ കൗൺസിലിന്റെ 22.01.2019 ലെ പതിമൂന്നാം നമ്പർ തീരുമാനപ്രകാരം കാലപ്പഴക്കം കാരണം കടമുറികൾ സുരക്ഷിതമല്ലെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയതിനാൽ മുറികൾ ഒഴിയുവാൻ വാടകക്കാർക്ക് നോട്ടീസ് നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്. കടമുറികൾ ഒഴിയണം എന്നാവശ്യപ്പെട്ട് വാടകക്കാർക്ക് 28.01.2019 തിയതിയിൽ നഗരസഭ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ വാടകക്കാർ കോടതിയെ സമീപിച്ചിട്ടുണ്ട്. നാളിതുവരെയും കൈവശക്കാർ മുറികൾ ഒഴിഞ്ഞു നൽകുവാൻ തയ്യാറായിട്ടില്ല. മുറികൾ കൈവശം വെച്ചിട്ടുള്ളവരിൽ നിന്നും നഗരസഭ നിലവിൽ വാടകയൊന്നും ഈടാക്കുന്നില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

90 ശതമാനം കടമുറികളിൽ നിന്നും വാടകയിനത്തിൽ ഉണ്ടായിട്ടുള്ള കുറവ് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/18.03.2020) കേസ് കോടതിയുടെ പരിഗണനയിലായതിനാൽ കടമുറികളിൽ നിന്നും നിലവിൽ വാടക ഈടാക്കുന്നത് കേസിന്റെ മെറിറ്റിനെ ബാധിക്കും എന്ന് നിയമോപദേശം ലഭിച്ചതിനാലാണ് വാടക ഈടാക്കാത്തത് എന്നും കേസ് തീർപ്പാകുന്ന മുറക്ക് കടമുറികളുടെ വാടക കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമായിട്ടുണ്ട്.
ഓഡിറ്റ് നിർദ്ദേശം

1. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ തുടരേണ്ടതാണ്.
2. നഗരസഭയുടെ ആസ്തികളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട തുടർനടപടികൾ ആലോചിക്കേണ്ടതാണ്.
3. കോടതിയിൽ നിലവിലുള്ള കേസിന്റെ വിധി വരുന്ന മുറക്ക് ആയതനുസരിച്ച് കടമുറികൾ കൈവശം വച്ചിട്ടുള്ളവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് പിരിവ് -കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

1. കംഫർട്ട് സ്റ്റേഷനുകളുടെ നടത്തിപ്പ്

വാർഷിക കണക്ക് പ്രകാരം നഗരസഭയുടെ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിൽ നിന്നും 2,30,333 രൂപ വരവുണ്ട്. ബാലൻസ്ഷീറ്റ് പത്രിക ബി15 പ്രകാരം ഈ ഇനത്തിൽ (Receivables for other user charges current) 3,73,667 രൂപ കുടിശ്ശികയുണ്ട്. (കുടിശ്ശിക പുതിയ കംഫർട്ട് സ്റ്റേഷൻ-3,44,667 + പഴയ കംഫർട്ട് സ്റ്റേഷൻ- 29000).
പഴയ കംഫർട്ട് സ്റ്റേഷൻ നിലവിൽ പ്രവർത്തനക്ഷമമല്ല.
കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. ബസ് സ്റ്റാന്റ് ഫീസ് പ ിരിവ് - കുടിശ്ശിക, തൻവർഷത്തെ പിരിവ്
എ. ബസ് സ്റ്റാന്റ് ഫീസ് പിരിവ് – കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ 2017-18 വർഷത്തെ കുടിശ്ശിക തുകയായ 73,100 രൂപ ലേലം കൊണ്ട പ്രശാന്ത്.കെ എന്നവരിൽ നിന്നും നാളിതുവരെ പിരിച്ചെടുത്തിട്ടില്ല.

ബി. ബസ് സ്റ്റാന്റ് ഫീസ് പിരിവ് – കൗൺസിലിന്റെ അംഗീകാരമില്ലാതെ ഫീസ് ഈടാക്കുന്നു

2018-19 വർഷം ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ എടുക്കാൻ ആളില്ലാത്തതിനാൽ 28/03/2018 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഫീസ് നേരിട്ട് പിരിക്കുന്നതിനായി റവന്യ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ഫീ പിരിക്കുന്നതിനായി ദിവസ വേതനത്തിന് ഒരാളെ നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പിരിക്കേണ്ട ഫീ നിരക്ക്, വേതനം എന്നിവ എത്രയാണെന്ന് തിരുമാനിച്ചിട്ടില്ല. നിലവിൽ ബസ് ഒന്നിന് എട്ടു രൂപ നിരക്കിലാണ് ഈടാക്കുന്നത്. എന്നാൽ ഈ നിരക്കിന് കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.
വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിലെ വരവ് 3,61,768 രൂപയാണ്. ഫീ പിരിക്കുന്നതിനായുള്ള നഗരസഭയുടെ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പിരിവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (09/17.03.2020) മറുപടിയായി കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യ റിക്കവറി നടപടികൾ സ്വീകരിച്ചുവരികയാണെന്നും ബസ് ഒന്നിന് എട്ടു രൂപ എന്ന നിരക്ക് മണ്ണാർക്കാട് ഗ്രാമപഞ്ചായത്തായിരുന്ന കാലം മുതൽ ഈടാക്കി വരുന്നതാണെന്നും ഇതിന് നഗരസഭാ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. ബസ് സ്റ്റാന്റ് ഫീസിന്റെ നിരക്ക് നഗരസഭാ കൗൺസിൽ തീരുമാനിക്കേണ്ടതാണ്.

2. കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് എന്നിവയുടെ കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
3. രേഖകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ - സൂക്ഷിക്കുന്നില്ല

a) ഡെപ്പോസിറ്റ്

2018-19 വാർഷിക കണക്കുകളിലെ ഷെഡ്യൂൾ RP-27 (Deposits Received) പ്രകാരം 4 ഇനങ്ങളിലായി ആകെ 179645/-രൂപ വരവായി കാണിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകുവാനുള്ള തുക 590320/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

b) മുൻകൂർ

2018-19 വാർഷിക കണക്കുകളിലെ ഷെഡ്യൂൾ RP-41 (Loans, Advances and Deposits) പ്രകാരം ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 180000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. മിസലേനിയസ് ഇനത്തിൽ 95000 രൂപയും മറ്റ് ഏജൻസികൾക്ക് 1377500 രൂപയും മറ്റ് മുൻകൂറുകളായി 20000 രൂപയും മുൻകൂറായി അനുവദിച്ചിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻ വർഷങ്ങളിലേതുൾപ്പെടെ അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റേയും ക്രമീകരിക്കാൻ ബാക്കിയുള്ളതിന്റേയും വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞില്ല.

അക്കൗണ്ട്സ് സർട്ടിഫിക്കറ്റിലും രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 പെൻഷൻ ഫണ്ട്-നിലവിലെ സ്ഥിതി

2015-16ൽ രൂപീകൃതമായ മണ്ണാർക്കാട് നഗരസഭയിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 31.03.2019വരെ ഈടാക്കിയ തുക പൂർണ്ണമായും പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. മുനിസിപ്പൽ കണ്ടിൻജന്റ് വിഭാഗത്തിൽ സ്ഥിരം ജീവനക്കാരെ നാളിതുവരെ നിയമിച്ചിട്ടില്ല. നഗരസഭയിൽ നിലവിൽ റഗുലർ/കണ്ടിൻജന്റ് വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്നവർ ആരും തന്നെയില്ല. കണ്ടിൻജന്റ് വിഭാഗം സ്ഥിരം ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ പെൻഷൻ വിഹിതം നിക്ഷേപിക്കുന്നതിന് പ്രത്യേകം ബാങ്ക് അക്കൗണ്ട് നാളിവരെ ആരംഭിച്ചിട്ടില്ല.

## 1-21 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ പട്ടിക 1 ലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. ഈ ആവശ്യത്തിനായി ധാരാളം തുക നഗരസഭ ചെലവഴിക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി നഗരസഭ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

<u>എ. തെരുവ് വിളക്കുകളുടെ വിവരം</u>

നഗരസഭയിൽ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ കൃത്യത ഉറപ്പാക്കാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ നിലവിലുള്ള ലാമ്പുകളുടെ കണക്ക് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

<u>ബി. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്</u>

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2018-19 വർഷത്തിൽ 4170405 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതിമാസം ശരാശരി 347000 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കേണ്ടി വരുന്നുണ്ട്. തെരുവ് വിളക്കുകളുടെ കൃത്യത ഉറപ്പാക്കാതെ കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്യുന്ന തുക അടവാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ആയതിനാൽ നിലവിലില്ലാത്ത ലാമ്പുകൾക്കും തുക ഒടുക്കേണ്ടി വരുന്നുണ്ട്. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

<u>സി. മീറ്റർ സ്ഥാപിച്ചതിന്റെ വിവരം</u>

തെരുവ് വിളക്കുകൾക്ക് നാളിതുവരെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എല്ലാ തെരുവ് വിളക്കുകളും മീറ്ററിനു കീഴിലാക്കുകയും ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ മാറ്റി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ വൈദ്യുത ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണെന്ന് വിലയിരുത്തുന്നു.

<u>ഡി. ഓഡിറ്റ് നിർദ്ദേശം</u>

- നഗരസഭയിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- തെരുവ് വിളക്കുകൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുമ്പോൾ 25000 രൂപയ്ക്ക് മുകളിലാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
  ഓഡിറ്റ് അന്വേഷണം നം. 20/18-3-2020 ന് മറുപടി ലഭ്യമായില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഖണ്ഡിക 1-22 കൂടി കാണുക)

## 1-22 തെരവ് വിളക്കുകൾ സ്ഥാപിക്കൽ, പരിപാലനം എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

<u>I. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – ഊർജ്ജ സംരക്ഷണത്തിന് ഊന്നൽ നൽകിയില്ല</u>

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 174/19-വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് ട്രഷറി ബിൽ നം. 10/18-19 തീ. 31-8-2018പ്രകാരം 1496880രൂപ ചെലവഴിച്ചിട്ടുണ്ട്. പവർലൈൻ ഏജൻസീസ് കോഴിക്കോട് എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി ടെണ്ടർ മുഖേന നൽകിയിട്ടുള്ളത്. 746 തെരുവ് വിളക്കുകൾ (2x40Watt Twin Flourescent Light weather proof Street Light) ആണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നഗരസഭയിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ട്, ഏതൊക്കെ ഇനത്തിലുള്ളവയാണ് എന്ന് സൂചിപ്പിക്കുന്ന യതൊരു അടിസ്ഥാന രേഖകളും സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി യിൽ നിന്നും യാതൊരു അടിസ്ഥാന വിവരശേഖരണവും നഗരസഭ നടത്തിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന ഇതുവരെ നടത്തിയിട്ടുമില്ല.

2. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി സൂപ്പർവിഷൻ ചാർജ് ഇനത്തിൽ 3/5/2018ൽ കെ.എസ്.ഇ.ബിയുടെ രസീതി നം. 65200180503102051പ്രകാരം 26495രൂ. മുനിസിപ്പൽ സെക്രട്ടറി അടവാക്കിയിട്ടുണ്ട്. എന്നാൽ ടി തുക മുനിസിപ്പാലിറ്റിയിൽ നിന്ന് അടവാക്കിയതായി കാണുന്നില്ല. കരാറുകാരൻ നേരിട്ട് തുക അടവാക്കിയതായി വിലയിരുത്തുന്നു. ഇത് ക്രമപ്രകാരമല്ല. കരാറുകാരൻ മുനിസിപ്പാലിറ്റിയിൽ തുക അടവാക്കുകയും ആയത് നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്തുകയും നഗരസഭയിൽ നിന്ന് കെ.എസ്.ഇ.ബിയിലേക്ക് നൽകുകയും ചെയ്യുന്ന രീതി അവലംബിക്കാവുന്നതാണ്.

3. ഊർജ ഉപഭോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി ലൈറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന നയം സംസ്ഥാന സർക്കാർ ആവഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതിൽ നിന്നും വ്യത്യസ്തമായി ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകൾ വാങ്ങുന്നത് ഊർജ സംരക്ഷണ താത്പര്യങ്ങൾക്ക് എതിരാണ്. ആയതിനാൽ എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഓൺലൈൻ സംവിധാനമായ GeM ൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ അടിസ്ഥാനവിവരങ്ങൾ കാലികമാക്കുന്നതിനും ഊർജ സംരക്ഷണ മാനദണ്ഡങ്ങളെ ആസ്പദമാക്കി തെരുവ് വിളക്കുകളുടെ തുടർപരിപാലനം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## II. തെരുവു വിളക്കുകളുടെ റിപ്പയർ – അപാകതകൾ ഒഴിവാക്കേണ്ടതാണ്

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. SO 172/19- തെരുവ് വിളക്ക് റിപ്പയർ എന്ന പ്രവൃത്തിക്ക് ട്രഷറി ബിൽ നം. 11/18-19 തീ. 5-9-2018പ്രകാരം 549668രൂപയും ട്രഷറി ബിൽ നം.41/18-19, തീ. 19-3-2019 പ്രകാരം 323591രൂപയും ഉൾപ്പെടെ തൻവർഷം ആകെ ₹.873259- ചെലവഴിച്ചിട്ടുണ്ട്. ശ്രീ. സുരേഷ് ബാബു, വെൽടെക്ക് ഇലക്ട്രിക്കൽസ് എന്ന വ്യക്തിക്കാണ് പ്രവൃത്തി ടെണ്ടർ മുഖേന നൽകിയിട്ടുള്ളത് (1649000രൂപയ്ക്ക്) . ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരനുമായുള്ള എഗ്രിമെന്റിൽ (1/2017 തീ. 12-10-2017) ചേർത്തിട്ടുള്ള നിബന്ധനകളിൽ ടിയാൻ തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനായി സ്വന്തം ഉത്തരവാദിത്വത്തിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തിക്കുന്ന ഓഫീസ് സ്ഥാപിക്കണം എന്നും പരാതി അറിയിക്കുന്നതിനുള്ള ഫോൺ നമ്പർ എല്ലാ വർത്തമാന പത്രങ്ങളിലും പ്രസിദ്ധീകരിക്കണം എന്നും വിശദാംശങ്ങളടങ്ങിയ പരാതി രജിസ്റ്റർ സൂക്ഷിക്കണം എന്നും നിഷ്കർഷിക്കുന്നു. നഗരസഭയിൽ സമാനമായ പരാതി റജിസ്റ്റർ സൂക്ഷിക്കണം എന്നും എല്ലാ ദിവസവും കരാറുകാരൻ ടി റജിസ്റ്റർ പരിശോധിച്ച് തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കണമെന്നും പരാതികൾ പരിഹരിച്ച വിശദാംശങ്ങൾ റജിസ്റ്ററിൽ രേഖപ്പെടുത്തണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2. കരാറുകാരൻ എത്ര തെരുവ് വിളക്കുകൾ നന്നാക്കി, എത്ര തുക ചെലവ് വന്നു, എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തത്, ഏതൊക്കെ സാധന സാമഗ്രികളാണ് മാറ്റി സ്ഥാപിച്ചത് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ നീക്കം ചെയ്ത സാധനസാമഗ്രികൾ തിരച്ചേൽപ്പിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിൽ ഒരു നിബന്ധനയും ചേർത്തിട്ടില്ല.
ഇപ്രകാരം മുനിസിപ്പാലിറ്റിയുടെ അധികാര സംവിധാനത്തിലും മേൽനോട്ടത്തിലും നിലനിൽക്കേണ്ട ഒരു സേവനം കരാറുകാരന്റെ യുക്താനുസരണം ചെയ്യുന്നതിന് വിട്ടുകൊടുക്കുന്ന രീതിയിൽ കരാർ ചമച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. ഓരോ വാർഡിലെയും തെരുവ് വിളക്കുകൾ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാണെന്ന് വാർഡ് കൗൺസിലർ നൽകുന്ന ഒരു സാക്ഷ്യപത്രം അല്ലാതെ മറ്റൊരു തെളിവും കരാറുകാരൻ പ്രവൃത്തി തൃപ്തികരമായി ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന വിധത്തിൽ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

3) കേടായ തെരുവ് വിളക്കുകൾ മാറ്റിയത് നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് സ്റ്റോക്ക് റജിസ്റ്ററോ മറ്റ് ഫയലുകളോ സൂക്ഷിച്ചിട്ടില്ല.
മേൽസൂചിപ്പിച്ച അപാകതകൾ 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിററ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നുവെങ്കിലും അപാകതകൾ പരിഹരിക്കുന്നതിൽ കാര്യമായ പുരോഗതി കാണുന്നില്ല.

മേൽസാഹചര്യത്തിൽ നഗരസഭയിൽ തെരുവ് വിളക്കുകൾ സംബന്ധമായ സ്ഥിതിവിവരങ്ങൾ കാലികമാക്കുന്നതിനും ആയതനുസരിച്ച് റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കുടിവെള്ള വിതരണം - പൊതു ടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

നഗരസഭയിൽ 12/2018 വരെ 175 പൊതു ടാപ്പുകൾക്ക് പ്രതിമാസം 114975/- രൂപ വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. 2018 ഒക്ടോബർ മാസത്തിൽ സംയുക്ത പരിശോധന നടത്തിയതിനുശേഷം 137 ടാപ്പുകൾക്ക് പ്രതിമാസം 90009/- രൂപ യാണ് ഒടുക്കി വരുന്നത്. തൻവർഷം 1304802/- ലക്ഷം രൂപ ഈ ഇനത്തിൽ ചെലവ് ഉണ്ടായിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിയുടെ സമീപനം. ഗാർഹിക കണക്ഷനുകൾക്ക് സബ്സിഡി അനുവദിച്ച് ഘട്ടം ഘട്ടമായി പൊതു ടാപ്പുകൾ കുറവു ചെയ്ത് പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യത കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 20/18-3-2020 ന് മറുപടി ലഭ്യമായില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനം

കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങൾ, 2000 പ്രകാരം നഗരസഭകളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും ചട്ടം 4 ൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

നഗരസഭയുടെ അധീനതയിലുള്ള വാഹനങ്ങളുടെ ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വാഹന നം. KL-50- 5093

വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചട്ടം 8 പ്രകാരമുള്ള ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് 3.5.2018 ന് നടത്തിയതിനുശേഷം നടത്തിയിട്ടില്ല.

വാഹന നം. KL-50 F-1598

ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും റിപ്പയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ചട്ടം 8 പ്രകാരമുള്ള ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് 13.9.18ന് നടത്തിയതിനുശേഷം നടത്തിയിട്ടില്ല.

വാഹന നം.- KL-50G-9370

2018-19 വർഷത്തിൽ അസി. എഞ്ചിനിയറുടെ ആവശ്യത്തിനായി 10/2018 ൽ വാങ്ങിയിട്ടുണ്ട്. ലോഗ്ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

വെഹിക്കിൾ ഹിസ്റ്ററി ബുക്ക്

സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, ഇൻഷ്വറൻസ് പോളിസിയുടെ വിവരം മുതലായവ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാഹനത്തിന്റെ ഉപയോഗത്തിൽ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങൾ, 2000 പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

2. ലോഗ്ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്.

3. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സമയപരിധിക്കകം നടത്തേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 20/18-3-2020 ന് മറുപടി ലഭ്യമായില്ല.

നിയന്ത്രണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

മുനിസിപ്പൽ എഞ്ചിനിയറുടെ 224 പ്രവൃത്തികളിൽ 157 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരുത്തിയ 5.16കോടി രൂപയിൽ 3.01കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആയത് ആകെ വകയിരുത്തിയ തുകയുടെ 58.33% മാത്രമാണ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

എ. പ്രോജക്ടുകളുടെ ആധിക്യം ചെലവ് ശതമാനത്തെ ബാധിക്കുന്നു

തൻവർഷം അംഗീകാരം ലഭിച്ച 224 മരാമത്ത് പ്രവൃത്തികളിൽ 107 എണ്ണവും (48%) സ്പിൽഓവർ പ്രോജക്ടുകളാണ്. സ്പിൽ ഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. ഒരു ലക്ഷമോ അതിൽ കുറവോ അടങ്കലുള്ള എൺപതോളം പ്രോജക്ടുകൾ തൻവർഷം ആവിഷ്കരിച്ചിട്ടുണ്ട്. 2019 മാർച്ച് മാസത്തിൽ സമർപ്പിച്ച 21 ബില്ലുകൾ ക്യൂ ബില്ലുകളായി മാറുകയും ആകെ 52 ലക്ഷം രൂപ തൻവർഷത്തെ ചെലവിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതെ പോവുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പാർട്ട് ബില്ലുകൾ നൽകാതിരുന്നതും ഭൂരിഭാഗം ബില്ലുകളും സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറിയിൽ സമർപ്പിച്ചതിനാലുമാണ് ചെലവു ശതമാനം കുറയുവാൻ ഇടയാക്കിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകുവാൻ ശ്രദ്ധിച്ചാൽ ചെലവ് ശതമാനം വർദ്ധിപ്പിക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ബി. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിൽ അപാകത

വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത് കരാറുകാരുടെ അപേക്ഷയില്ലാതെയാണ്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ കരാറുകാരുടെ അപേക്ഷയിന്മേൽ അന്വേഷണം നടത്തി അസി. എഞ്ചിനിയർ വിശദമായ റിപ്പോർട്ട് തയ്യാറാക്കി അനുമതി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പി.ഡബ്ള്യ.ഡി മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ഇല്ലാതെ ദീർഘിപ്പിച്ചു നൽകിയ ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. PWD മാന്വൽ പ്രകാരം ആദ്യ ഘട്ടത്തിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഒരു തവണ കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഈ ഘട്ടത്തിലും യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം,

ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. കരാറുകാരുടെ കാരണം കൊണ്ടാണ് കാലാവധി ദീർഘിപ്പിക്കുന്നതെങ്കിൽ ആദ്യ ഘട്ടത്തിൽ PAC യുടെ 1%, രണ്ടാം ഘട്ടത്തിൽ 2% എന്നിങ്ങനെ പിഴ ഈടാക്കേണ്ടതാണ് എന്ന നിബന്ധനയും ആകെ കാലയളവ് 50%ൽ അധികരിക്കരുത് എന്ന നിബന്ധനയും കണക്കിലെടുക്കാതെയാണ് പല പ്രവൃത്തികളും ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

ഇത്തരത്തിലുള്ള ഇളവുകൾ നൽകുന്നതിനാൽ സ്പിൽ ഓവർ പ്രവൃത്തികൾ കൂടുവാൻ ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

<u>സി. രേഖകളുടെ സൂക്ഷിപ്പ്</u>

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് ഉൾപ്പെടെയുള്ള എഗ്രിമെന്റ് വ്യവസ്ഥകളിൽ പലതും കാലഹരണപ്പെട്ടിട്ടും എഗ്രിമെന്റ് ഫോറം കാലാനുസൃതമായി പുതുക്കിയിട്ടില്ല.

2. സെലക്ഷൻ നോട്ടീസുകളിൽ പലതിലും നമ്പറും തിയതിയും രേഖപ്പെടുത്തിയിട്ടില്ല.

3. ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത പല കരാറുകാരുടേയും ബില്ലുകളിൽ നിന്ന് ടാർ ബാരലുകളുടെ വില കുറവു ചെയ്യുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

4. മെയ്ന്റനൻസ് പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല.

5. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.

6. മരാമത്ത് പ്രവൃത്തികളുടെ പല ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

<u>ഡി. മെയ്ന്റനൻസ് പ്ലാൻ</u>

പദ്ധതി മാർഗ്ഗരേഖ പ്രകാരം മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കി ആയതിനനുസരിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉൾപ്പെടെയുള്ള മെയ്ന്റനൻസ് പ്രവൃത്തികൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. റോഡിതര ഫണ്ടിൽ നിന്നും ഉക ചെലവഴിക്കുവാൻ അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

1. 162/19-ആശുപത്രി നവീകരണം - 587000

2. 244/19-ചോമേരി അങ്കണവാടി പുനരുദ്ധാരണം - 80000

3. 260/19- വെഞ്ചക്കൻപറമ്പ് അങ്കണവാടി - 250000

നഗരസഭയുടെ തനത് ആസ്തിയായ ഷോപ്പിംഗ് കോംപ്ലക്സിന്റെ സംരക്ഷണത്തിനായി തൻവർഷം 419752 രൂപ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് മാർഗ്ഗരേഖയുടെ ലംഘനമാണ്. നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 10/17-3-2020 പ്രകാരം വിഷയം നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതാണെന്ന് അസി.എഞ്ചിനിയർ വാക്കാൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3. മെയ്ന്റനൻസ് പ്ലാൻ അനുസരിച്ച് മെയ്ന്റനൻസ് പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

4. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നത് ഒഴിവാക്കി ക്യൂ ബില്ലുകൾ ഇല്ലാതാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ്.

6. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

## 1-26 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത ഉക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. അപ്രകാരമുള്ള അപേക്ഷകൾ ഫയലിൽ സൂക്ഷിക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

മാന്വൽ പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1% |

| | |
|---|---|
| | കുറഞ്ഞത് 1000 രൂപ<br><br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br><br>കുറഞ്ഞത് 2000 രൂപ<br><br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | പ്രൊ.നം. 291/18-മുനിസിപ്പൽ<br><br>ബസ് സ്റ്റാന്റ് നവീകരണം<br><br>അടങ്കൽ - 500000 (എം.ജി-നോൺ റോഡ്)<br><br>പി.എ.സി - 488302<br><br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ<br><br>എഗ്രിമെന്റ് നം. 134/3-3-2018<br><br>ബിൽ നം. 4(2)/ 15-3-2019 - 419752 രൂപ<br><br>കരാറുകാരൻ - മുഹമ്മദ് മുസ്തഫ.കെ<br><br>അളവു പുസ്തകം നം. 118/17-18 | 2-6-2018 | 14-8-2018 | 0 | 14649<br><br>(1%+ 2%) | 14649 |
| 2 | പ്രൊ.നം. 216/18-പൂക്കുന്ന് കോളനി താഴ്ഭാഗം റീടാറിംഗ്<br><br>അടങ്കൽ - 200000 (എം.ജി-റോഡ്)<br><br>പി.എ.സി - 200000<br><br>നിർവ്വഹണ ഉദ്യോഗസ്ഥൻ -<br><br>അസി. എഞ്ചിനിയർ<br><br>എഗ്രിമെന്റ് നം. 80/ 27-11-2017<br><br>ബിൽ നം.25/13-6-2018 - 199752 രൂപ<br><br>കരാറുകാരൻ - കെ.സോമൻ<br><br>അളവു പുസ്തകം നം. 134/17-18 | 31-3-2018 | 21-4-2018 | 0 | 2000<br>(1%) | 2000 |

ആകെ -16649 രൂപ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 11/17-3-2020 ന് അസി. എഞ്ചിനിയർ നേരിട്ട് ഹാജരായി നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

VG-30 – 156/ബാരൽ, RS-1 – 182/ബാരൽ, SS1- 180/ബാരൽ

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|
| | പ്രൊ.നം. 101/19-നെട്ടേപ്പുരം റോഡ് ടാറിംഗ്<br>അടങ്കൽ - 300000 (എം.ജി-നോൺ റോഡ്)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനി യർ<br>എഗ്രിമെന്റ് നം. 84/21-1-2019<br>ബിൽ നം. 6(2)/22-3-2019 - 299970 രൂപ<br>കരാറുകാരൻ - എൻ.ഉമ്മർ<br>അളവു പുസ്തകം നം. 84/18-19 | SS-1, 446.75 | 2.48 |
| | | RS-1, 144.37 | 0.79 |
| | | VG-30, 1107.8 | 7.1 |
| | ആകെ | | 10.37 |
| | ആകെ വില – 10.37* 238 = 2468 | | |
| 2 | പ്രൊ.നം. 88/19-ആനോടൻകുന്ന് നായാടിക്കുന്ന് റോഡ് റീടാറിംഗ്<br>അടങ്കൽ - 340000 (എം.ജി-നോൺ റോഡ്)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനി യർ<br>എഗ്രിമെന്റ് നം. 87/21-1-2019<br>ബിൽ നം. 7(2)/22-3-2019 - 339513 രൂപ<br>കരാറുകാരൻ - എൻ.ഉമ്മർ<br>അളവു പുസ്തകം നം. 85/18-19 | RS-1, 189.123 | 1.00 |
| | | VG-30, 1733.7 | 11.10 |
| | | - | - |
| | ആകെ | | 12.10 |
| | ആകെ വില –12.1* 238 = 2880 | | |
| 3 | പ്രൊ.നം. 76/19-വടക്കുമണ്ണം ശിവൻകുന്ന് റോഡ് റീടാറിംഗ്<br>അടങ്കൽ - 200000 (എം.ജി-നോൺ റോഡ്)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനി യർ<br>എഗ്രിമെന്റ് നം. 103/28-2-2019<br>ബിൽ നം.9(2)/22-3-2019 - 200000 രൂപ<br>കരാറുകാരൻ - എൻ.ഉമ്മർ<br>അളവു പുസ്തകം നം. 86/18-19 | RS-1, 165.4 | 0.91 |
| | | VG-30, 1707 | 10.94 |
| | | - | - |
| | ആകെ | | 11.85 |
| | ആകെ വില – 11.85 * 238 =2820 | | |
| 4 | പ്രൊ.നം. 84/19-ആണ്ടിപ്പാടം SC കോളനി റോഡ് പള്ളി റോഡ് റീടാറിംഗ്<br>അടങ്കൽ - 400000 (എം.ജി-നോൺ റോഡ്)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനി യർ<br>എഗ്രിമെന്റ് നം. 75/7-12-2018<br>ബിൽ നം.14(2)/22-3-2019 - 394850 രൂപ<br>കരാറുകാരൻ - എം.ടി.ബാലചന്ദ്രൻ<br>അളവു പുസ്തകം നം. 93/18-19 | RS-1, 346 | 1.9 |
| | | VG-30, 3211 | 20.5 |
| | | - | - |
| | ആകെ | | 22.4 |
| | ആകെ വില – 22.4 * 238 = 5331 | | |
| 5 | പ്രൊ.നം. 62/19-കൊട്ടുവാളിക്കുണ്ട് റോഡ് റീടാറിംഗ് | RS-1, 324.89 | 1.78 |

| | | | |
|---|---|---|---|
| | അടങ്കൽ - 385000 (എം.ജി-നോൺ റോഡ്) | VG-30, 3155 | 20.22 |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനി യർ<br>എഗ്രിമെന്റ് നം. 74/17-12-2018<br>ബിൽ നം.2(2)/21-3-2019 - 382962 രൂപ<br>കരാറുകാരൻ - ഹബീബ് മുഹമ്മദ്.യു.കെ<br>അളവു പുസ്തകം നം.72/18-19 | - | - |
| | ആകെ | | 22 |
| | ആകെ വില – 22* 238 = 5236 | | |
| 6 | പ്രൊ.നം. 59/19-ചോമേരി ഗാർഡൻ റീടാറിംഗ്<br>അടങ്കൽ - 350000 (എം.ജി-നോൺ റോഡ്) | RS-1, 284.65 | 1.82 |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനി യർ<br>എഗ്രിമെന്റ് നം. 73/17-12-2018<br>ബിൽ നം.3(2)/21-3-2019 - 349965 രൂപ | VG-30, 2867.4 | 18.38 |
| | കരാറുകാരൻ - ഹബീബ് മുഹമ്മദ്.യു.കെ<br>അളവു പുസ്തകം നം.71/18-19 | - | - |
| | ആകെ | | 20.20 |
| | ആകെ വില – 20.20* 238 = 4807 | | |

ആകെ - 23542

ജി.എസ്.ടി(18%) - 4238

ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 11(2)/17-3-2020 ന് അസ്.എഞ്ചിനിയർ നേരിട്ട് ബോധിപ്പിച്ച മറുപടിയിൽ കരാറുകാരിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-28 ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അഞ്ചുവർഷം കഴിഞ്ഞിട്ടും ഭൗതികലക്ഷ്യം കൈവരിച്ചില്ല

പ്രൊ.നം. 105/18, 194/19-മുനിസിപ്പൽ ബസ് ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം

അടങ്കൽ - 2112864 (രണ്ടാം നില പൂർത്തീകരണം)

കരാറുകാരൻ - എൻ.ഉമ്മർ

എഗ്രിമെന്റ് നം. 90/31-3-2017

അളവു പുസ്തകം നം.87, 46, 105 /17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

ചെലവ് - 2070745

4/18-5-2018-150822

12/18-5-2018-500958

33/20-8-2018-111878

71/23-2-2018 – 1307087 (പാർട്ട് ബിൽ)

മണ്ണാർക്കാട് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സിന്റെ നിർമ്മാണം 2015-16 വർഷത്തിൽ ആരംഭിച്ചുവെങ്കിലും നാളിതുവരെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല. 20 ലക്ഷം രൂപ ചെലവഴിച്ച് 2016-17 ൽ ഒന്നാം നില ഭാഗികമായി പൂർത്തീകരിച്ചുവെങ്കിലും തുടർപ്രവൃത്തികൾക്ക് വേഗത കൈവരിച്ചിട്ടില്ല. രണ്ടാം നിലയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം നാളിതുവരെ 2070745 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് ശേഷവും കെട്ടിടം പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

2018-19 വർഷത്തിൽ 25 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയെങ്കിലും (പ്രൊ.നം. 346/19) തുകയൊന്നും ചെലവഴിച്ചില്ല. പദ്ധതി സ്പിൽഓവറായി തുടരുന്നുണ്ടെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 22/18-3-2020 നുള്ള മറുപടിയിൽ പ്രവൃത്തി തുടർന്നുവരുന്നതായും നാളിതുവരെ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്നും അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

ആകെ 12 കടമുറികളാണ് കെട്ടിടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെയേറെ സാദ്ധ്യതകളുള്ള ഇത്തരം സംരംഭങ്ങൾ അനന്തമായി നീളുന്നത് അഭികാമ്യമല്ല എന്ന് വിലയിരുത്തുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ കാര്യക്ഷമമായി ഇടപെടേണ്ടതും പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കി നഗരസഭയ്ക്ക് നേട്ടം ഉണ്ടാകുന്ന വിധത്തിൽ കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 കോടതിപ്പടി ബസ്ബേ കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊ.നം. - 30/19-കോടതിപ്പടി ബസ്ബേ കംഫർട്ട് സ്റ്റേഷൻ

അടങ്കൽ - 490000

ബിൽ നം. 66/19-3-2018- 488530 രൂപ

കരാറുകാരൻ - കെ.സി.താജുദീൻ

അളവു പുസ്തകം നം. 61/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

മണ്ണാർക്കാട് ടൗണിലുള്ള കോടതിപ്പടിയിൽ ഒരു ബസ്ബേ കംഫർട്ട് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം 3/2019 ൽ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വൈദ്യുതീകരണം, കുടിവെള്ള സൗകര്യം എന്നിവ പൂർത്തീകരിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയതായി കാണുന്നില്ല. കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണെന്നും കംഫർട്ട് സ്റ്റേഷൻ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12(3)/17-3-2020 ന് വ്യക്തമായ മറുപടി ലഭ്യമായില്ല.

പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും നഗരസഭയുടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുന്ന ഇത്തരം സംരംഭങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പം ആയതിന്റെ അനുബന്ധ സൗകര്യങ്ങളുടെ പൂർത്തീകരണം കൂടി ഉറപ്പാക്കുവാൻ എഞ്ചിനിയറിംഗ് വിഭാഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കംഫർട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കുവാൻ അർഹതയില്ലാത്ത സ്ഥാപനത്തിനെ ചുമതലപ്പെടുത്തി

പ്രൊ.നം. 332/18, 288/19-5, 12, 15, 23 വാർഡുകളിൽ മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ

ആകെ അടങ്കൽ - 680000 (CFC – 600000 + 80000 – തനത് ഫണ്ട്)

ആകെ ചെലവ് - 658350 (CFC-600000 (ബിൽ നം. 100/28-3-2018 + 58350 (ബിൽ നം. 28/30-5-2018)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

നഗരസഭയുടെ 4 വാർഡുകളിലെ ഏഴ് സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തത്. മിനിമാസ്റ്റ് സ്ഥാപിച്ചതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സ.ഉ(പി)നം.29/18/ഫിൻ തിയതി 28-2-2018 പ്രകാരം കെ.എസ്.ഐ.ഇ എന്ന സ്ഥാപനം അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത് "General Civil Works as PMC" എന്ന വിഭാഗത്തിലാണ്. സിവിൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് ആയി പ്രവർത്തിക്കുന്നതിനുള്ള സ്ഥാപനത്തിനെ മിനിമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് തെരഞ്ഞെടുത്തതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കെ.എസ്.ഐ.ഇ യുടെ ഇൻവോയ്സ് നം. KSIE/Pkd/646/17-18 തിയതി 2-3-2018 പ്രകാരം 4x750W LED Flood light system, 2 വർഷം വാറണ്ടി എന്ന സ്പെസിഫിക്കേഷനിലുള്ള ലാമ്പ് ഒന്നിന് 94050 രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ലാമ്പിന്റെ മാർക്കറ്റ് നിരക്ക് ഉറപ്പാക്കിയതിനുശേഷം സ്ഥാപനവുമായി ചർച്ച ചെയ്ത് ഉചിതമായ തുക നിശ്ചയിച്ച് നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പാക്കാതെയാണ് കെ.എസ്.ഐ.ഇ ക്ക് 23-1-2018ന് നേരിട്ട് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളത്.

GO(P)നം.95/17/Fin തിയതി 25-7-2017 പ്രകാരം PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സ്ഥാപനത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്. സുതാര്യമായ ബിഡ്ഡിംഗ് നടത്തിയാണ് PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടത്. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് മാത്രമാണ് അർഹതയുള്ളത്. യഥാർത്ഥ പ്രവൃത്തി

നിർവ്വഹിക്കുന്നതിനുള്ള സ്ഥാപനത്തെ തെരഞ്ഞെടുക്കുവാൻ PMC ആയി തെരഞ്ഞെടുത്ത ഏജൻസി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. നോൺ പി.എം.സി ആയി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികളെ അതാത് മേഖലയിലെ പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കാവുന്നതാണ്.

സ.ഉ(അച്ചടി)നം.27/2017/ധന തിയതി 26-02-2017 പ്രകാരം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഇ-ടെണ്ടർ ക്ഷണിക്കുമ്പോൾ മൂന്ന് വർഷത്തെ Replacement Warranty, തുടർന്നുള്ള മൂന്ന് വർഷത്തെ എ.എം.സി എന്നിവയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. 60/2018/Fin തിയതി 2-7-2018 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റിലെ പ്രധാന ഇനമായ ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM പോർട്ടൽ മുഖേനയാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ധാരാളം തുക ചെലവഴിക്കേണ്ടി വരുന്ന ഇത്തരത്തിലുള്ള പുതിയ രീതികൾ അവലംബിക്കുമ്പോൾ ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്. ആയത് പരിഗണിക്കാത്തതിനാൽ മൂന്ന് വർഷത്തെ വാറണ്ടിക്ക് പകരം രണ്ട് വർഷമാണ് ഉറപ്പാക്കിയിട്ടുള്ളത്. കൂടാതെ എ.എം.സിക്കുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുമില്ല.

സിവിൽ പ്രവൃത്തികളുടെ PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തെ മിനിമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണെന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1. കെ.എസ്.ഐ.ഇ യെ ടെണ്ടർ കൂടാതെ തെരഞ്ഞെടുത്തതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.
2. സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് മാർക്കറ്റ് നിരക്കിൽ നിന്നും അധികരിക്കുന്നില്ല എന്ന് ഉറപ്പാക്കിയതിന്റേയും സ്ഥാപനവുമായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതിന്റേയും രേഖകൾ ഹാജരാക്കേണ്ടതാണ്.
3. ലാമ്പുകൾ സ്ഥാപിച്ചതിനുശേഷമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.
4. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയം നേരിട്ട് അസി.എഞ്ചിനിയറുടെ ശ്രദ്ധയിൽ കൊണ്ടു വന്നുവെങ്കിലും കൃത്യമായ വിശദീകരണം ലഭ്യമായിട്ടില്ല. 20-3-2020 ന് നഗരസഭാ ചെയർപേഴസൻ, വൈസ് ചെയർമാൻ എന്നിവരുടേയും ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിക്കുകയുണ്ടായി.

മേൽ സൂചിപ്പിച്ച രേഖകളും വ്യക്തമായ വിശദീകരണവും ലഭ്യമാക്കുന്നതുവരെ 658350 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 വിവിധ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2018-19 വർഷത്തിൽ പൂർത്തീകരിച്ച താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

| ക്രമ നം. | ബിൽ നം., തിയതി | തുക | പ്രോജക്ട് |
|---|---|---|---|
| 1 | 3/18-5-2018 | 60945 | 192/19-പാണ്ടിക്കാട് എസ്.സി കോളനി കുടിവെള്ള പദ്ധതി |
| 2 | 15/24-5-2018 | 248701 | 261/19-തെന്നാരി അങ്കണവാടി പൂർത്തീകരണം |
| 3 | 27/20-8-2018 | 270000 | 245/19-തോരാപുര നെല്ലിപ്പുഴ കനാൽ സൈഡ് വാൾ |
| | ആകെ | 579646 | |

മേൽസൂചിപ്പിച്ച പ്രവൃത്തികളുടെ ഫയൽ, അളവുപുസ്തകം എന്നിവ ഹാജരാക്കുന്നതുവരെ 579646 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ സൂക്ഷിപ്പിൽ കാര്യക്ഷമത പ്രകടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിലെ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്. ഇ.ബി | 154/19-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും ഇലക്ട്രിക് പോസ്റ്റ് മാറ്റലും | 41/29-1-2019 | 460000 |
| KWA | 152/19-വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 38/22-1-2019 | 848000 |
| KWA | 156/19-എസ്.സി കോളനിയിലേക്ക് കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 42/23-2-2019 | 70000 |

ഓഡിറ്റ് അന്വേഷണം നം. 17/18-3-2020 പ്രകാരം രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും ആയവ ലഭ്യമായില്ല.

ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പ്രവൃത്തി പൂർത്തീകരണ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-33 കാഞ്ഞിരംപാടം അങ്കണവാടി നവീകരണം - പൊളിച്ചുമാറ്റിയ മര ഉരുപ്പടികൾ സ്റ്റോക്കിലെടുത്ത് കയ്യൊഴിച്ചില്ല

പ്രൊ.നം. - 258/19-കാഞ്ഞിരംപാടം അങ്കണവാടി നവീകരണം

അടങ്കൽ - 250000 (എം.ജി-നോൺ റോഡ്)

ബിൽ നം. 22/24-2-2018- 224410 രൂപ

കരാറുകാരൻ - അബ്ദുള്ള.ടി

അളവു പുസ്തകം നം. 117/17-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

മേൽ പ്രവൃത്തിയുടെ അളവു പുസ്തകത്തിലെ ഇനം 2 പ്രകാരം 0.71 എം$^3$ മരസാമഗ്രികൾ പൊളിച്ചു മാറ്റുന്നതിനായി 1873 രൂപ ചെലവഴിച്ചിട്ടുണ്ട്. പൊളിച്ച മാറ്റിയ സാമഗ്രികൾ അളവു പുസ്തകത്തിൽ സ്റ്റോക്ക് രേഖപ്പെടുത്തുകയോ നഗരസഭയ്ക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

പൊളിച്ച മാറ്റിയ സാമഗ്രികൾ സ്റ്റോക്കിലെടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും സാമഗ്രികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12(2)/17-3-2020 ന് മറുപടി ലഭ്യമായില്ല.

സാമഗ്രികൾ കയ്യൊഴിച്ച് തുക മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മാലിന്യസംസ്കരണത്തിന് സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ഉപയോഗശൂന്യമായി കൃഷിഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു

തൻവർഷം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടിന് (നം. 301/19) തനത് ഫണ്ടിൽ നിന്ന് 1300000 രൂ. വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് നടന്നിട്ടില്ല. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ തുടർപ്രവർത്തനങ്ങൾ നടന്നിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

